നമ്പർ. C4/6261/15/GECSKP

Office of the Principal, Govt. Engineering College, Sreekrishnapuram
Palakkad
തീയതി: 21.06.2016

**സർക്കുലർ**

വിഷയം:- സർക്കാർ എൻജിനിയറിങ് കോളേജ്, ശ്രീകൃഷ്ണപുരം- സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് (പുതുക്കൽ), 2015-16- അപേക്ഷിക്കുന്നതു സംബന്ധിച്ച്.

സൂചന :- കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 04/6/2016 തീയതിയിലെ ക്യൂ3/100928/2016/കോ.വി.വ നമ്പർ അറിയിപ്പ്.

2015-16 അദ്ധ്യയനവർഷത്തെ സെൻട്രൽ സെക്ടർ സ്കോളർഷിപ്പ്(പുതുക്കൽ)-നു അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. അർഹരായ വിദ്യാർഥികൾ www.collegiateedu.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും അപേക്ഷാഫോം എടുത്ത് ഹാർഡ് കോപ്പി രൂപത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷകൾ സ്ഥാപനമേധാവിയുടെ ശുപാർശ സഹിതം **30/6/2016**നു മുമ്പായി, താഴെ പറയുന്ന മേൽവിലാസത്തിൽ എത്തിക്കേണ്ടതാണ്.

സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ, കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ആറാം നില, വികാസ് ഭവൻ, തിരുവനന്തപുരം -695 033

യോഗ്യത

1. അപേക്ഷകർ 2014-15 അദ്ധ്യയന വർഷത്തിൽ 60%മോ അതിനു മുകളിലോ മാർക്ക് നേടിയിരിക്കണം.
2. മറ്റ് സ്കോളർഷിപ്പുകൾ ലഭിക്കുന്നവർ അപേക്ഷിക്കേണ്ടതില്ല
3. 2014-15ൽ 75% ഹാജർനില ഉണ്ടായിരിക്കണം.
4. അച്ചടക്കനടപടി നേരിടുന്നവർ അപേക്ഷിക്കാൻ യോഗ്യരല്ല

അപേക്ഷകൾ സ്ഥാപനമേധാവിയുടെ ശുപാർശക്കായി സമർപ്പിക്കുമ്പോൾ അതോടൊപ്പം മാർക്ക് ലിസ്റ്റിൻറെ സാക്ഷ്യപ്പെടുത്തിയ പകർപ്പും **2014-15ലെ ഹാജർനിലയും** ഉണ്ടായിരിക്കണം.

കൂടുതൽ വിവരങ്ങൾ www.collegiateedu.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**ഡോ.പി. സി .രഘുരാജ് .**
പ്രിൻസിപ്പൽ

സ്വീകർത്താവ്

1.എല്ലാ ക്ലാസ്സുകളിലും വായിക്കുന്നതിന്
2. നോട്ടീസ് ബോർഡ്.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്